# Parish Bulletin. December 01, 2013, Vol. 9, Issue 11

## SACRED HEART KNANAYA CATHOLIC PARISH

611 Maple Street, Maywood, IL 60153
*www.knanayaregion.us/chicago * sajipinarkayil@gmail.com * 630-563-2565**

**മംഗലവാർത്തക്കാലം** WEEKS OF ANNUNCIATION

| NOVEMBER OFFERINGS | November 24 |
|---|---|
| Sunday Holy Qurbana Collection | $1,089.00 |
| Guadalupe Shrine | $68.00 |
| St. Anthony Novena | $42.00 |
| Sacred Heart Statue | $24.00 |
| Infant Jesus Feast | $250.00 |
| Monthly Pledge | $300.00 |
| Annual Contribution | $400.00 |
| Refund | $70.00 |
| **Total** | **$2,243.00** |
| **AGAPE MOVEMENT** | |
| Sacred Heart Agape Store | $33.00 |
| St. Mary's Agape Store | $111.00 |
| Manthra / Death anniversary -2 | $129.00 |
| **TOTAL AGAPE** | **$273.00** |

## Upcoming Events—Sacred Heart Parish

**December 8th** - Feast of Immaculate Conception , Hour of Grace.
**December 15th** - Feast of Our Lady Of Guadalupe.
**December 15th** - Bible Quiz for Bible Reading Participants.
**December 22nd** - Bible Quiz for Koodarayogams.
**December 24th** - Christmas Solemn Holy Qurbana at 7:00 PM.
**December 29th** - Feast of St. Stephen at 10:00 AM.
**December 29th** - Bible Quiz for Both Churches.
**December 31st** - Year End Service and Adoration at 7:00 PM.
**January 1st** - New Year Service at 10:00 AM.

### Koodarayogam Gatherings:

**Our Lady of Guadalupe Koodarayogam**: Saturday, December 7th 11:00 AM onwards, Christmas Carol.
**St. Alphonsa Koodarayogam**: Saturday, December 14th 6:30 PM at Jimmy & Lincy Kaniyaly's House.

## ഡിസംബർ ബൈബിൾ വായനാപുസ്തകങ്ങൾ

**മത്തായി (Mathew), മർക്കോസ് (Mark)**
**ലൂക്കാ (Luke) & യോഹന്നാൻ (John)**

### Bible Quiz Topics

December 15th - Deuteronomy, St. Luke, Letters to Galatians & Letters of St. John.
December 22nd - Exodus, St. Mathew, Letter to Ephesians & Revelation.

## Feast of Immaculate Conception and Hour of Grace

Sunday, December 8th 10:00 AM Holy Qurbana followed by Hour of Grace Adoration (12:00 PM to 1:00 PM).

## SCHEDULE CHANGES & ACTIVITIES

**FRIDAY, NOVEMBER 29, 2013**
**Holy Qurbana** at 7:00 PM.
**SATUDAY, NOVEMBER 30, 2013**
**Holy Qurbana at 10:00 AM.**
Novena of our Lady of Perpetual Help after **Holy Qurbana.**
Malayalam class at 10:00 AM.
**SUNDAY, DECEMBER 01, 2013**
**Holy Qurbana** at 10:00 A.M.
**MONDAY, DECEMBER 02 - FRIDAY, DECEMBER 06, 2013**
**Holy Qurbana at 7:00 PM.**
**Novena of St. Anthony on Tuesday after Holy Qurbana.**
**First Friday Adoration**
**SATUDAY, DECEMBER 07, 2013**
**Holy Qurbana at 10:00 AM.**
Novena of our Lady of Perpetual Help after **Holy Qurbana.**
Malayalam class at 10:00 AM.
**SUNDAY, DECEMBER 08, 2013**
**Holy Qurbana** at 10:00 A.M. Religious Education Class at 11:15 AM. Hour of Grace from 12:00 PM to 1:00 PM.

## READINGS & READERS

**മംഗലവാർത്താക്കാലം - First Sunday of Annunciation**

| December 01 | READING | 10:00 A.M. | 11:45 AM. |
|---|---|---|---|
| **1st Reading** | Genesis 17:15-22 | Sunny Chemmachel | No 11:45 Holy Qurbana today. |
| **2nd Reading** | Ephesians 5:21-6:4 | Neha Kizakanady | No 11:45 Holy Qurbana today. |
| **Gospel** | **St. Luke 1:5-25** | **The birth of John the Baptist foretold.** | |

**മംഗലവാർത്താക്കാലം - Second Sunday of Annunciation / Feast of Immaculate Conception**

| December 08 | READING | 10:00 A.M. | 11:45 AM. |
|---|---|---|---|
| **1st Reading** | Numbers 22:20-35 | Georgin Kaniyaly | No 11:45 Holy Qurbana today. |
| **2nd Reading** | Colossians 4:2-18 | Albin Mutholam | No 11:45 Holy Qurbana today. |
| **Gospel** | **St. Luke 1:26-38** | **Birth of Jesus is announced.** | |




# Period of Annunciation

The liturgical year of the Syro-Malabar Church begins with the period of Annunciation. The four weeks in preparation to the feast of the Nativity of Jesus, celebrated on 25th December constitute this season. Since we practise abstinence from 1st to 25th December in preparation for Christmas, we call this period "25 days Lent".

The salvific acts which found fulfilment in Jesus Christ begin with the birth of Jesus. This season is called 'subbara' in Syriac language. The meaning of this term is 'declaration, 'announcement' etc. What angel Gabriel announced to holy Mary was the greatest glad news to humanity that eagerly waited for the Saviour. Thus, this season is developed in the context of the mystery of incarnation completed in the fullness of time. The Church recalls during these days the announcement of the birth of

John the Baptist, the predecessor of Jesus, and also the joyful event of the birth of John the Baptist. As a preparation for the celebration of the mystery of incarnation, this season also recalls creation, disobedience of our first parents and its consequences, the miserable state of the broken humanity, the promise of salvation offered by God, God's covenant with humanity, and the prophecies about the Saviour. During this season we also meditate on the role of Mary in the history of the plan of salvation.

The readings, prayers and hymns of the season remind us that like the people in the Old Testament who became aware of their miserable condition and their hope for the Saviour, the people of the New Testament also should become aware of their helplessness and sinful situation and walk towards Jesus and give place in their hearts for Jesus to be born.

# മംഗലവാർത്ത-പിറവിക്കാലങ്ങൾ

സീറോ മലബാർ സഭയുടെ ആരാധനാവൽസരം ആരംഭിക്കുന്നത് മനുഷ്യാവതാരരഹസ്യത്തെ അനുസ്മരിക്കുന്ന മംഗലവാർത്താക്കാലത്തോടു കൂടിയാണ്. ഡിസംബർ 25-ാം തീയതി ആഘോഷിക്കപ്പെടുന്ന ഈശോയുടെ തിരുപ്പിറവിയെ കേന്ദ്രമാക്കിയുള്ളതാണ് ഈ കാലം. തിരുപ്പിറവിക്കുമുമ്പ് നാലും തിരുപ്പിറവിക്കുശേഷം രണ്ടും ആഴ്ചകളാണ് ഈ കാലത്തിലുള്ളത്. തിരുപ്പിറവിക്ക് ഒരുക്കമായി ഡിസംബർ 1 മുതൽ 25 വരെ മാർത്തോമ്മാ ക്രിസ്ത്യാനികൾ ഇരുപത്തഞ്ച് നോമ്പ് ആചരിക്കുന്നു.

ഈശോയിൽ പൂർത്തിയാക്കപ്പെട്ട രക്ഷാകരപ്രവൃത്തികൾ ആരംഭിക്കുന്നത് അവിടുത്തെ ജനനത്തോടുകൂടിയാണല്ലോ. സുറിയാനി ഭാഷയിൽ 'സൂബാറാ' എന്നാണ് മംഗലവാർത്താകാലത്തിന്റെ പേര്. 'പ്രഖ്യാപനം', 'അറിയിപ്പ്' എന്നൊക്കെയാണ് 'സൂബാറാ' എന്ന പദത്തിന്റെ അർത്ഥം. സുറിയാനി ഭാഷയിൽ 'യൽദാ' എന്നാണ് പിറവിക്കാലത്തിന്റെ പേര്. രക്ഷകനെ പ്രതീക്ഷിച്ചിരുന്ന മാനവവംശത്തെ സംബന്ധിച്ചിടത്തോളം ഏറ്റവും മംഗളകരമായ വാർത്തയായിരുന്നല്ലോ ഗബ്രിയേൽ ദൂതൻ പരിശുദ്ധ കന്യകാമറിയത്തെ അറിയിച്ചത്. അങ്ങനെ സമയത്തിന്റെ തികവിൽ പൂർത്തിയായ ഈശോയുടെ മനുഷ്യാവതാര രഹസ്യത്തിന്റെ പശ്ചാത്തലത്തിലാണ് ഈ കാലം രൂപപ്പെടുത്തിയിരിക്കുന്നത്. അവിടുത്തെ മുന്നോടിയായ സ്നാപകയോഹന്നാന്റെ ജനനത്തെക്കുറിച്ചുള്ള മുന്നറിയിപ്പും അദ്ദേഹത്തിന്റെ ജനനവും അടങ്ങുന്ന മംഗളസംഭവവും ഈ ദിവസങ്ങളിൽ സഭ അനുസ്മരിക്കുന്നു.

ഈശോയുടെ മനുഷ്യാവതാര രഹസ്യം കൊണ്ടാടുന്നതിന് ഒരുക്കമായി മനുഷ്യസൃഷ്ടി, ആദിമാതാപിതാക്കളുടെ അനുസരണക്കേട്, അതിന്റെ അനന്തരഫലങ്ങൾ, അധഃപതിച്ച മനുഷ്യവംശത്തിന്റെ പരിതാപകരമായ അവസ്ഥ, ദൈവം നല്കിയ രക്ഷയുടെ വാഗ്ദാനം, മാനവവംശവുമായി അവിടുന്ന് ചെയ്ത ഉടമ്പടി, രക്ഷകനെക്കുറിച്ചുള്ള പ്രവചനങ്ങൾ എന്നിവ ഈ കാലത്തിൽ അനുസ്മരിക്കുന്നുണ്ട്. പരിശുദ്ധ ദൈവമാതാവിന്നു രക്ഷാകരചരിത്രത്തിലുള്ള വലിയ പങ്ക് ഈ കാലത്തിൽ നാം ചിന്താവിഷയമാക്കുന്നു. രക്ഷകന്റെ അമ്മയായ മറിയത്തിന് ഏറ്റവുമധികം പ്രാധാന്യം നല്കുന്നത് ഈ കാലത്തിലാണ്. ഈശോയുടെ തിരുപ്പിറവിയും ജ്ഞാനികളുടെ സന്ദർശനവും ഈജിപ്തിലേക്കുള്ള പലായനവും ഈശോയെ ദേവാലയത്തിൽ സമർപ്പിക്കുന്ന സംഭവവും ബാല്യകാലവുമാണ് പിറവിക്കാലത്തിലെ പ്രധാന ചിന്താവിഷയങ്ങൾ.

ദൈവപുത്രന്റെ ജനനത്തിൽ ഭൂവാസികളും സ്വർഗ്ഗവാസികളും സന്തോഷത്തിലാറാടി. എന്തുകൊണ്ടെന്നാൽ രക്ഷയുടെ ആശാകിരണങ്ങൾ ഉദയംചെയ്തു. ലോകത്തിനു കൈവന്ന ഈ സൗഭാഗ്യത്തിൽ പങ്കുപറ്റാനുള്ള ആഹ്വാനമാണ് മംഗലവാർത്ത, പിറവിക്കാലങ്ങൾ നല്കുന്നത്. സൗഭാഗ്യത്തിൽ പങ്കുപറ്റുക എന്നാൽ മിശിഹായെ സ്വന്തമാക്കുകയെന്നാണ്. പാപത്തിനു മരിച്ച്, മിശിഹായെ സ്വന്തമാക്കി, സമാധാനവും പ്രത്യാശയും ഉൾക്കൊള്ളുവാൻ പിറവിക്കാലത്തിലെ വായനകൾ അനുസ്മരിപ്പിക്കുന്നു.

സ്വന്തം ദയനീയാവസ്ഥയെക്കുറിച്ചു ബോധവാന്മാരായി രക്ഷകനുവേണ്ടി ദാഹിച്ച പഴയനിയമ ജനതയെപ്പോലെ, പുതിയ നിയമത്തിലെ ജനത തങ്ങളുടെ നിസ്സഹായാവസ്ഥയും പാപസാഹചര്യങ്ങളും മനസ്സിലാക്കി മിശിഹായിലേക്കു നടന്നടുക്കണമെന്നും മിശിഹായ്ക്കു പിറക്കുവാൻ തങ്ങളുടെ ഹൃദയങ്ങളിൽ ഇടം നല്കണമെന്നും മംഗലവാർത്ത-പിറവിക്കാലങ്ങളിലെ വി. ഗ്രന്ഥവായനകളും പ്രാർത്ഥനകളും ഗീതങ്ങളും നമ്മെ അനുസ്മരിപ്പിക്കുന്നു.

## സേക്രഡ് ഹാർട്ട് ക്നാനായ കാത്തലിക്ക് ദേവാലയത്തിൽ

# പരിശുദ്ധ അമലോത്ഭവമാതാവിന്റെ തിരുനാൾ, ഡിസംബർ 8, കൃപയുടെ മണിക്കൂർ.

1946 നവംബർ 24 മുതൽ 1947 ഡിസംബർ 8 വരെ സിസ്റ്റർ പിയറീനാ എന്ന ഒരു ഇറ്റാലിയൻ കന്യാസ്ത്രീക്ക് പരിശുദ്ധ കന്യാമറിയം 11 പ്രാവശ്യം പ്രത്യക്ഷപ്പെടുകയും പല സന്ദേശങ്ങൾ നല്കുകയും ചെയ്തു. ആദ്യപ്രാവശ്യം തന്നെ തന്റെ പേര് മിസ്റ്റിക്കൽ റോസ് എന്ന് അറിയപ്പെടണം എന്നും ഡിസംബർ 8 –ാം തീയതി 12 മുതൽ 1 മണിവരെയുള്ള സമയം കൃപയുടെ മണിക്കൂറായി ലോകം മുഴുവനും അറിയപ്പെടണം എന്നും പരിശുദ്ധമാതാവ് സിസ്റ്ററെ അറിയിച്ചു. 1947 നവംബർ 16ന് പരിശുദ്ധകുർബാന ഉൾക്കൊണ്ടശേഷം പ്രാർത്ഥിച്ചുകൊണ്ടിരുന്നപ്പോൾ ഒരു വലിയ പ്രകാശവും അതിലൂടെ പരിശുദ്ധ അമ്മയുടെ ദർശനവും സിസ്റ്റർ പിയറീനായ്ക്ക് അനുഭവപ്പെട്ടു.

പരിശുദ്ധ അമ്മയുടെ ദർശനത്തിൽ അത്ഭുതപ്പെട്ട സിസ്റ്റർ പിയറീനാ മാതാവിന്റെ മുമ്പിൽ മുട്ടുകുത്തുകയും മാതാവ് സിസ്റ്ററിനോട് സംസാരിക്കുകയും ചെയ്തു. ഡിസംബർ 8 –ാം തീയതി വീണ്ടും വരുമെന്ന് പരിശുദ്ധഅമ്മ അറിയിച്ചു. അന്ന് ഉച്ചയ്ക്ക് 12 മുതൽ 1 മണിവരെ കൃപയുടെ മണിക്കൂറാണെന്നും ആ മണിക്കൂറിൽ മനസ്തപിച്ച് പ്രാർത്ഥിച്ചാൽ എത്ര പ്രയാസമായ കാര്യമാണെങ്കിലും ദൈവഹിതം നിറവേറുന്നതാണെങ്കിൽ അത് സാധിച്ച് കിട്ടുമെന്നും പരിശുദ്ധ അമ്മ അറിയിച്ചു. ഏറ്റവും വലിയ പാപികൾക്കുപോലും അനുതപിക്കുവാനും പ്രാർത്ഥിക്കുവാനുമുള്ള ഒരു അവസരമാണെന്നും പരിശുദ്ധ കന്യാമറിയം അറിയിച്ചു.

## കൃപയുടെ മണിക്കൂറിൽ പ്രാർത്ഥിക്കേണ്ട ക്രമം.

1. 51 –ാം സങ്കീർത്തനം കൈവിരിച്ച് 3 പ്രാവശ്യം പ്രാർത്ഥിക്കണം.
2. ജപമാല പ്രാർത്ഥന.
3. കരുണയുടെ ജപമാല
4. മൗനപ്രാർത്ഥന.